http://theendtimenews.com/



## സ്വപ്നം നിറവേറ്റുന്ന ദൈവം

തുടർച്ച 03 പേജിൽ

CHRISTIAN NEWS FEBRUARY 2021

# ദി എൻഡ് ടൈം ന്യൂസ്

ദിവേക്ക്അപ്പ്-കോൾ

Volume 04 Issue No:38 Pages:14 Reg: TVM/1717/2014, Established:USA, Published from:India

വാർത്ത 05പേജിൽ



## 700 വർഷം പഴക്കമുള്ള പള്ളി; ഇനി മുതൽ മ്യൂസിയം.

## ആരാധനാലയം പൂട്ടി പാസ്റ്റർക്ക് ഊരുവിലക്ക് ഏർപ്പെടുത്തി

**ചിട്ടിമിട്ടി ചിന്തല:** ആന്ധ്രാപ്രദേശിലെ കടപ്പ ജില്ലയിൽ ചിട്ടിമിട്ടി ചിന്തല ഗ്രാമത്തിൽ പെന്തക്കോസ്ത് ആരാധനാലയം കഴിഞ്ഞ പത്തു മാസങ്ങളായി പൂട്ടിക്കിടക്കുന്നു. കാരണം വ്യക്തമാണ് അതിന് മുകളിൽ ഒരു കാവി പതാക നാട്ടിയിട്ടുണ്ട്. 50 ഓളം വിശ്വാസികൾ വരെ കൂടി വന്നിരുന്ന ഈ ആലയം മതഭ്രാന്തന്മാർ പൂട്ടിയ



തോടൊപ്പം പാസ്റ്റർ ജയിംസ് പ്രസാദിന് ഊരുവിലക്കും ഏർപ്പെടുത്തി. ഈ ഗ്രാമത്തെ ക്രിസ്ത്യൻ വിശ്വാസികൾ ഇല്ലാത്ത ഗ്രാമമാക്കാനുള്ള മതതീവ്രവാദികളുടെ ശ്രമത്തിന്റെ ഫലമായിട്ടാണ് ഇതൊക്കെ നടന്നിരിക്കുന്നത്. 22 വർഷങ്ങൾക്കു മുമ്പ് പാസ്റ്റർ ജയിംസ് പ്രസാദ് ആരംഭിച്ച പ്രവർത്തനമാണിത്.

## തെലങ്കാനയിൽ നിർമ്മാണത്തിലിരുന്ന ആരാധനാലയം സുവിശേഷ വിരോധികൾ തകർത്തു



**ഹൈദരാബാദ്:** തെലങ്കാനയിൽ നിർമ്മാണ ജോലികൾ നടന്നു വരുന്ന ചർച്ച് കെട്ടിടം സുവിശേഷ വിരോധികൾ ഇടിച്ചു നിരത്തി. മഹബുബാബാദ് നഗരത്തിൽ കഴിഞ്ഞ 22 വർഷമായി പ്രവർത്തിക്കുന്ന ഗത്ശമെന പ്രാർത്ഥനാ മന്ദിരം സഭയുടെ നിർമ്മാണത്തിലിരുന്ന കെട്ടിടമാണ് തകർത്തത്.സ്ഥലത്തെ ബുര വെങ്കണ്ണയുടെ നേതൃത്വത്തിനായിരുന്നു അതിക്രമം. പാസ്റ്റർ മുഹമ്മദ് അഫ്സൽ പോൾ ശുശ്രൂഷിക്കുന്ന ഈ സഭയിൽ നൂറോളം വിശ്വാസികൾ കർത്താവിനെ ആരാധിക്കുവാൻ കടന്നു വരുന്നുണ്ട്.

നേരത്തെ താൽക്കാലികമായ കെട്ടിടമായിരുന്നു ഇവിടെ. പുതിയ ആരാധനാലയത്തിന്റെ പണി നടന്നു വരികയായിരുന്നു. അക്രമികൾ കെട്ടിടത്തിന്റെ തൂണുകളും ഭിത്തിയും ഇടിച്ചു നിരത്തി. മുമ്പ് ഈ സ്ഥലത്ത് ഒരു ക്ഷേത്രം നിന്നിരുന്നെന്നും അത് അടച്ചതിന് ശേഷമാണ് ചർച്ച് പണിതതെന്നുമാണ് അക്രമികളുടെ വാദമെന്ന് പാസ്റ്റർ അഫ്സൽ പറഞ്ഞു. പ്രദേശത്തെ മറ്റു സഭാ പാസ്റ്റർമാരുടെ നേതൃത്വത്തിൽ പോലീസിന് പരാതി നൽകി.നടപടി എടുക്കാമെന്ന് പോലീസ് അറിയിച്ചിട്ടുണ്ട്.




# EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Daniel Jacob

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram

*INDIA*
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511


# ഉപവാസം

പ്രാർത്ഥനയോടുകൂടെയുള്ള ഉപവാസം സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളെ ചലിപ്പിക്കും എന്നതിന് ഇരു അഭിപ്രായം ഞാൻ ഉൾപ്പെടെ വിശ്വാസത്തിനില്ല. മനുഷ്യമനസിനെ ആത്മീയ മണ്ഡലത്തിന്റെ വിവിധ തലങ്ങളിൽ എത്തുവാൻ ശക്തിവത്തായ ഒരായുധമാണ് ഉപവാസം. അതിന് ഒരു ഉദാഹരണമാണ് നിനവയുടെ രാജാവ് യോനാ പ്രവാചകന്റെ പ്രവചനത്തെ ശിരസാവഹിക്കയും ഉപവസിച്ച് മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിയുമെങ്കിൽ തന്റെ ഉഗ്രകോപത്തിൽ നിന്ന് പിൻതിരിഞ്ഞ് നമ്മെ നശിപിക്കാനിരുന്നേക്കാം എന്ന വിളമ്പരം പ്രസിദ്ധപ്പെടുത്തി. സർവ്വജനവും ഒരു മനസ്സോടെ നിലവിളിച്ചപ്പോൾ അവർക്ക് വരുവാനിരുന്ന അനർത്ഥത്തിൽ നിന്നും ദൈവം വിടുവിച്ചു.

(ലൂക്കോസ് 11:32)

ഉപവസിക്കുക എന്നത് ഒരു കൃപാദാനമാണ്. നാം ദൈവത്തോട് അടുക്കുവാനുള്ള അവസരവും, ശരീരത്തെയും ആത്മാവിനെയും ഒരേ സമയം പോഷിപ്പിക്കുന്ന ഊർജ്ജം കൈവരുന്നു. ഇപ്പോൾ ലോകമാകമാനമുള്ള സർവ്വ ജനതയും ഭയത്താലും ഭാവി പ്രതീക്ഷാഭംഗമുള്ളവരായിരിക്കെ ഈ പ്രതിസന്ധി തരണം ചെയ്യുവാൻ നിനവയിലെ ജനത ഏറ്റെടുത്ത ഉപവാസം നാം അനുവർത്തിക്കേണ്ടതാകുന്നു.



*ബൈജു യാക്കോബ്
ഇടവിള*


**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.

THE END TIME NEWS
VOICE OF HARVESTING SOULS MISSION







ബിബിൻ ബാബു

# സ്വപ്നം നിറവേറ്റുന്ന ദൈവം



നമ്മൾ എല്ലാവരും സ്വപ്നങ്ങൾ കാണാറുള്ളവർ ആണ് അല്ലെ. ചിലപ്പോൾ പകലും ചിലപ്പോൾ ഉറക്കത്തിലും. സ്വപ്നക്കാരൻ എന്നു കളിയാക്കൽ കേട്ട വ്യക്തിയാണ് ജോസഫ്. തന്റെ സ്വപ്നംമൂലം പൊട്ടക്കിണറ്റിൽ ഏറിയപ്പെട്ടു. യിശ്മായേലർക്കു അടിമയായി വിറ്റു, തടവറയിൽ അടയ്ക്കപ്പെട്ടു. എങ്കിലും ജോസഫ് തന്റെ ജോലിയിൽ വിശ്വസ്തൻ ആയിരുന്നു. തന്റെ യജമാനത്തിയുടെ ആഗ്രഹം സാധിപ്പിച്ചുകൊടുക്കാതെ ഇരുന്നപ്പോൾ ജോസഫ് ജയിലിൽ ആയി. ആ അസംഭവം ഉൽപ്പത്തി 39 അദ്ധ്യായം 8-12 വരെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്. (ജോസഫ് കോമളനും മനോഹരരൂപിയും ആയിരുന്നതുകൊണ്ട് ജയമാനന്റെ ഭാര്യ യോസേഫിന്മേൽ കണ്ണുപതിച്ചു. എന്നോടുകൂടെ ശയിക്ക എന്നു പറഞ്ഞു. അവൻ അതിന് സമ്മതിക്കാതെ യജമാനന്റെ ഭാര്യയോടു. ഇതാ വീട്ടിൽ എന്റെ കൈവശമുള്ളയാതൊന്നും എന്റെ യജമാനൻ അറിയുന്നില്ല; തനിക്കുള്ളതൊക്കെയും എന്റെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്നു. ഈ വീട്ടിൽ എന്നെക്കാൾ വലിയവനില്ല; നീ അവന്റെ ഭാര്യയാകയാൽ നിന്നെയല്ലാതെ മറ്റു യാതൊന്നും അവൻ എനിക്കു വിരോധിച്ചിട്ടുമില്ല; അതുകൊണ്ടു ഞാൻ ഈ മഹാദോഷം പ്രവർത്തിച്ചു ദൈവത്തോടു പാപം ചെയ്യുന്നതു എങ്ങനെ എന്നു പറഞ്ഞു. അവൾ ദിനംപ്രതിയും യോസേഫിനോടു പറഞ്ഞിട്ടും അവളോടുകൂടെ ശയിപ്പാനോ അവളുടെ അരികെ ഇരിപ്പാനോ അവൻ അവളെ അനുസരിച്ചില്ല. ഒരു ദിവസം അവൻ തന്റെ പ്രവൃത്തി ചെയ്‌വാൻ വീട്ടിന്നകത്തു ചെന്നു. വീട്ടിലുള്ളവർ ആരും അവിടെ ഇല്ലായിരുന്നു. അവൾ അവന്റെ വസ്ത്രം പിടിച്ചു: എന്നോടുകൂടെ ശയിക്ക എന്നു പറഞ്ഞു: എന്നാൽ അവൻ തന്റെ വസ്ത്രം അവളുടെ കയ്യിൽ വിട്ടേച്ചു പുറത്തേക്കു ഓടിക്കളഞ്ഞു.)

പാപം ചെയ്യാത്തതിനാൽ ... അടക്കപ്പെട്ടു. 1 പത്രൊസ് 3:1 ൽ പറയുന്നതുപോലെ (നിങ്ങൾ കഷ്ടം സഹിക്കേണം എന്നു ദൈവഹിതമെങ്കിൽ തിന്മചെയ്തിട്ടല്ല, നന്മ ചെയ്തിട്ടു സഹിക്കുന്നത് ഏറ്റവും നന്നു.) ജോസഫ് നന്മ ചെയ്തു കഷ്ടം അനുഭവിച്ചു എങ്കിലും അവൻ മനുഷ്യരോടും ദൈവത്തിന്റെ മുമ്പിലും വിശ്വസ്തൻ ആയിരുന്നു. ജോസഫിനെ അടക്കപ്പെട്ട കാരാഗ്രഹത്തിലും വിശ്വസ്തൻ ആയിരുന്നു. ആയതിനാൽ കാരാഗ്രഹ പ്രമാണി അവനെ എല്ലാത്തിനും വിചാരകനാക്കി. അപ്പോളും ജോസഫിന്റെ മുന്നിൽ പണ്ട് കണ്ട സ്വപ്നങ്ങൾ ഓർമ്മയിൽ നിന്നിരുന്നു. ചേട്ടന്മാർ പൊട്ടക്കിണറ്റിൽ എറിഞ്ഞാലും ജയമാനൻ ജയിലിൽ അടച്ചിട്ടു എങ്കിലും ജോസഫ് ഹബൂക്കുക്ക് 3:17 ൽ പറയുന്നപോലെ (അത്തിവൃക്ഷ തളിർക്കയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായ്പോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽ നിന്ന് നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും)

ദൈവത്തോട് പിറുപിറുക്കാതെ വിശ്വസ്തതയോടെ നിന്നു. അതിനുശേഷം ഫറവോന്റെ സ്വപ്നം വ്യാഖ്യാനിക്കാൻ ജോസഫിന് ദൈവം ഇടയാക്കി, ആയതിനാൽ പിന്നെ ഫറവോൻ യോസേഫിനോടും ദൈവം ഇതൊക്കെയും നിനക്ക് വെളിപ്പെടുത്തി തന്നതുകൊണ്ട് നിന്നോപ്പോലെ വിവേകവും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല. നീ എന്റെ ഗൃഹത്തിന്നു മേലാദികാരിയാകും; നിന്റെ വാക്ക് എന്റെ ജനമെല്ലാം അനുസരിച്ച് നടക്കും; സിംഹാസനം കൊണ്ട് മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും എന്നു പറഞ്ഞു. ഇതാ മിസ്രയീം ദേശത്തിനൊക്കെയും

തുടർച്ച 05 പേജിൽ




# യാഗസമാനമായ സമർപ്പണം



**സാം സഖറിയ**
**കൊട്ടാരക്കര**

## ദൈവീക ശുശ്രൂഷ ചെയ്യുന്നവരുടെ ഭൗതീകാവശ്യങ്ങൾ

**നീ**രാജനത്തിന്റെ നെഞ്ചും ഉദർച്ചയുടെ കൈക്കുറകും സമാധാന യാഗം അർപ്പിക്കുന്ന പുരോഹിതനുള്ളതാണ്. നെഞ്ച് സ്നേഹത്തിന്റെയും കൈക്കുറക് ശക്തിയുടെയും അധികാരത്തിന്റെയും പ്രതീകമായി മനുക്കു ചിന്തിക്കാവുന്നതാണ്. ദൈവീക ശുശ്രൂഷ ചെയ്യുന്നവരുടെ ഭൗതീകാവശ്യങ്ങൾക്കും ദൈവം ശ്രേഷ്ഠമായ മാർഗ്ഗങ്ങൾ തന്നെയാണ് ഒരുക്കിയിരിക്കുന്നത്. ആടിനെ മേയ്ക്കുന്നവൻ ആടിന്റെ പാൽകൊണ്ട് ഉപജീവനം കഴിക്കുക എന്നത് ദൈവവ്യവസ്ഥ തന്നെയാണ്. ഇടയൻ ആരോഗ്യമുള്ളവനാണെങ്കിൽ മാത്രമെ ആടിനെ പരിപാലിക്കാൻ കഴിയുകയുള്ളൂ. ദൈവീക ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർ ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷയാണ് ചെയ്യുന്നത് എന്ന ബോദ്ധ്യത്തോടെ ജീവിക്കേണ്ടതും അവരവരുടെ ഉത്തരവാദിത്വങ്ങളും ശുശ്രൂഷകളും മനുഷ്യരെയല്ല; ദൈവത്തെ പ്രസാദിപ്പിക്കുന്നവരായി നിർവ്വഹിക്കേണ്ടതുമാണ്. അവർ ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടുന്നവരും. ആത്മാക്കൾക്കുവേണ്ടി ജാഗിക്കുന്നവരുമാകയാൽ അവരെ സ്നേഹത്തോടെ കരുതേണ്ടതും അവരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കേണ്ടതുമാണ്(എബ്രായർ13:17)

ദൈവസന്നിധിയിൽ ഉയർത്തപ്പെട്ട നെഞ്ചും കൈക്കുറകുമാണ് പുരോഹിതനുള്ള ഓഹരി. ദൈവീക ശുശ്രൂഷയുടെ മഹത്വം എത്ര വലുതാണ് എന്നു നാം മനസ്സിലാക്കേണ്ടതാണ്. അവർ ദൈവത്താൽ നിയോഗിക്കപ്പെട്ടവരും ദൈവജനത്താൽ പരിപോഷിപ്പിക്കപ്പെടേണ്ടവരുമാണ്. ദൈവത്തിനു നൽകുന്നു എന്നപോലെ അവരുടെ ഭൗതികാവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കേണ്ടതുമാണ്. നന്മ ചെയ്യുവാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത് ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത് എന്ന് ദൈവവചനം പറയുന്നു(എബ്രാ13:15) അതേ സമയം ദൈവദാസന്മാർ ഘനശാലികളായിരിക്കേണ്ടതും ധനത്തിനു വേണ്ടി മനുഷ്യരെയോ സംഘടനകളെയോ ആശ്രയിക്കാതിരിക്കയും വേണം.

തുടർച്ച 06 പേജിൽ

# 700 വർഷം പഴക്കമുള്ള പള്ളി; ഇനി മുതൽ മ്യൂസിയം.



ഇസ്താംബൂൾ: തുർക്കിയിലെ വടക്ക് കിഴക്കൻ പ്രവിശ്യയിലെ ട്രബ്സോനിൽ സ്ഥിതി ചെയ്യുന്ന ഏകദേശം 700 വർഷം പഴക്കമുള്ള സെന്റ് മൈക്കിൾ ദേവാലയം രാജ്യത്തെ നയിക്കുന്ന തയീബ് എർദോഗൻ സർക്കാർ മ്യൂസിയമാക്കി മാറ്റി. ഇനി മുതൽ ഓർത്താമല്ലേ എന്ന പേരിൽ ആയിരിക്കും ഈ മ്യൂസിയം അറിയപ്പെടുക. 11 -ാം നൂറ്റാണ്ട് മുതലുള്ള ദേവാലയത്തെ മ്യൂസിയമാക്കാനുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ മുൻ മേയർ സെഫിക്ക് തുർക്കാന്റെ കാലത്താണ് ആരംഭിച്ചത്. സാംസ്കാരിക, ടൂറിസം വകുപ്പുമായി ചേർന്നാണ് മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നത്. കഴിഞ്ഞ ഏതാനും നാളുകളായി നിരവധി ദേവാലയങ്ങൾ മ്യൂസിയങ്ങളായും, മോസ്കുകളായും തുർക്കി സർക്കാർ മാറ്റിയിട്ടുണ്ട്. സുപ്രസിദ്ധ ക്രൈസ്തവ ദേവാലയമായ ഹാഗിയ സോഫിയ മുസ്ലീം പള്ളിയാക്കി മാറ്റിയത് വലിയ വിവാദങ്ങൾക്ക് വഴിതെളിച്ചിരുന്നു. പള്ളിയെ മ്യൂസിയമാക്കി മാറ്റാൻ സാംസ്കാരിക, ടൂറിസം വകുപ്പുമായി ചേർന്നാണ് സംയുക്ത പദ്ധതി തയ്യാറാക്കിയതെന്ന് അക്കാബാത്ത് മേയർ ഒസ്മാൻ നൂറി എക്കിം അനാഡോളു പ്രസ്താവിച്ചു.

## ശാരോൻ ഫെലോഷിപ്പ് ചർച്ച് യു കെ & അയർലന്റ് നാഷണൽ കോൺഫ്രൻസ്

ബ്രിട്ടൻ: ശാരോൻ ഫെലോഷിപ്പ് ചർച്ച് യു കെ & അയർലന്റ് 15 മത് നാഷണൽ കോൺഫ്രൻസ് 2021 മാർച്ച് 6 ന് നടക്കും. കോവിഡ് പ്രോട്ടോക്കോൾ നിലനിൽക്കുന്നതിനാൽ ഈ വർഷം സൂം പ്ലാറ്റ്ഫോമിലാണ് കോൺഫ്രൻസ് നടക്കുക.പാസ്റ്റർ അജി ആന്റണി, ദൈവവചനത്തിൽ നിന്നും സംസാരിക്കും. സയോൺ സിംഗേഴ്സ് വെണ്ണിക്കുളം ആഗാധന നയിക്കും. ബ്രിട്ടീഷ് സമയം വൈകിട്ട് 5.30 മുതൽ 8.30 വരെയാണ് മീറ്റിംഗ്.

## ബ്രദർ സാംസൺ വി ജോർജ്ജിനെ ചെങ്ങന്നൂർ നിയോജക മണ്ഡലം ന്യൂന പക്ഷത്തിന്റെ പ്രസിഡന്റായി നിയമിച്ചു.



ചെങ്ങന്നൂർ: പാനാട് ദൈവസഭാംഗമായ ബ്രദർ സാംസൺ വി ജോർജിനെ ചെങ്ങന്നൂർ നിയോജക മണ്ഡലം ന്യൂനപക്ഷത്തിന്റെ പ്രസിഡന്റായി നിയമിച്ചു.സാമൂഹിക സേവന രംഗത്തുള്ള തന്റെ പ്രതിബന്ധത പരിഗണിച്ചാണ് കെപിസിസി ഈ പദവി നൽകിയത്. ക്രൈസ്തവ ലോകത്ത് അറിയപ്പെടുന്ന ഗായകൻ ആണ് ശ്രീ. സാംസൺ ചെങ്ങന്നൂർ. ന്യൂനപക്ഷ സമൂഹങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേി ക്രിയാത്മകമായി നിലകൊള്ളുവാൻ അദ്ദേഹത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

## പാസ്റ്റർ അജീഷ് കുത്തേറ്റ് മരിച്ചു



എരുമേലി: മുത്താനം എബനേസർ ചർച്ച് ശുശ്രൂഷകൻ പാസ്റ്റർ അജീഷ് ജോസഫ്(41) കുത്തേറ്റ് മരിച്ചു. കുറുവൻമുഴിയിലുള്ള തന്റെ സ്വന്ത ഭവനത്തിന് സമീപമുള്ള മുളക്കൽ അപ്പു എന്ന ജോബിൻ ആണ് പ്രതി. സ്ഥിരം മദ്യപാനിയായ ജോബിൻ 14 ആം തിയതി തന്റെ ജ്യേഷ്ഠ സഹോദരൻ ജോപ്പനുമായി ഉായ പ്രശ്നം പരിഹരിക്കുന്നതിനായി പാസ്റ്റർ അജീഷ് തന്റെ വീട്ടിലേയ്ക്ക് കൂട്ടികൊു വന്ന് സംസാരിച്ചുകൊ് നിൽക്കുമ്പോൾ യാതൊരു പ്രകോപനവും കൂടാതെ മദ്യലഹരിയിൽ ആയിരുന്ന ജോബിൻ ഒളിപ്പിച്ചു വച്ചിരുന്ന കത്തി ഉപയോഗിച്ച് കുത്തി വീഴ്ത്തുകയായിരുന്നു. രു ദിവസമായി കോട്ടയം മെഡിക്കൽ കോളേജിൽ ചികിതസയിൽ ആയിരുന്നു.

## 03-ാം പേജ് തുടർച്ച

ഞാൻ നിന്നെ മേലാധികാരിയാക്കിയിരിക്കുന്നു എന്നും ഫറവോൻ യോസേഫിനോട് പറഞ്ഞു. ഫറവോൻ തന്റെ കയ്യിലെ നിന്നു മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്കിട്ടു. അവനെ നേർമയുള്ള വസ്ത്രം ധരിപ്പിച്ചു. ഒരു സ്വർണ്ണസരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു. തന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി. മുട്ടുകുത്തുവിൻ എന്നു അവന്റെ മുമ്പിൽ വിളിച്ചു പറയിച്ചു; ഇങ്ങനെ അവനെ മിസ്രയീംദേശത്തിന്നൊക്കെയും മേലാധികാരിയാക്കി. പിന്നെ ഫറവോൻ യേസേഫിനോട് ഞാൻ ഫറവോൻ ആകുന്നു; നിന്റെ കല്പനകൂടാതെ മിസ്രയീംദേശത്തെങ്ങും യാതൊരുത്തനും കയ്യോ കാലോ അനക്കുകയില്ല എന്നു പറഞ്ഞു. അങ്ങനെ ജോസഫ് കണ്ട സ്വപ്നം നിവർത്തിയാകാൻ ഇടയായി.

പ്രീയമുള്ളവരെ നിങ്ങളുടെ ജീവിതത്തിൽ പ്രശ്നങ്ങളോ കഷ്ടതകളോ പ്രതിസന്ധികളോ ആഞ്ഞടിച്ചാലും നിങ്ങളുടെ പടക് മുങ്ങുമാറായി എന്ന നിലയിൽ എത്തിയാലും മരണനിഴലിൻ താഴ്വരയിൽ കൂടി നടന്നാലും വാക്ക് പറഞ്ഞ ദൈവം വിശ്വസ്തൻ ആണ്. നിങ്ങളുടെ പടക് മുങ്ങുന്നതിന് മുമ്പ് നാഥൻ എത്തി നിങ്ങളുടെ കരം പിടിച്ച് ഉയർത്തും. ഹബൂക്കക്ക് 3:19ൽ കാണുന്നപോലെ യഹോവയായ കർത്താവ് എന്റെ ബലം ആകുന്നു. അവൻ എന്റെ കാൽ പേടമാൻ കാൽപോലെ ആക്കുന്നു; ഉന്നതികളിന്മേൽ എന്നെ നടക്കുമാറാക്കുന്നു. ആയതിനാൽ നിങ്ങൾക്ക് ദൈവം തന്ന വാഗ്ദത്തങ്ങൾ മുറുകെ പിടിച്ചു പ്രാർത്ഥിക്കുക. നിങ്ങളുടെ സ്വപ്നങ്ങൾ പ്രാപിച്ചു എടുക്കാൻ സർവ്വശക്തനായ ദൈവം സഹായിക്കട്ടെ. മാറാനാഥാ...



Available on the iPhone App Store
ANDROID APP ON Google play
theendtimenews.com

## 04-ാം പേജ് തുടർച്ച

മഹാപുരോഹിതൻ സമാഗമനകൂടാരത്തിൽ ശുശ്രൂഷ ചെയ്യുമ്പോൾ യിസ്രായേൽ ഗോത്രങ്ങളുടെ പേർ പതിച്ച മാർപതക്കം മാർവ്വിൽ വഹിച്ചിരുന്നു. നമ്മുടെ കർത്താവു നമ്മെ മാർവ്വിൽ വഹിച്ചുകൊണ്ട് പിതാവിന്റെ വലത്തുഭാഗത്തു നമുക്കുവേണ്ടി പക്ഷവാദം കഴിച്ചു കൊണ്ടിരിക്കുന്നു, യേശുക്രിസ്തുവിന്റെ രക്തത്താലുള്ള ശുദ്ധീകരണവും വീണ്ടെടുപ്പും പ്രാപിച്ചവരെങ്കിലും നമ്മുടെ ജീവിത്തതിൽ ലോകത്താലുള്ള അശുദ്ധിയും കളങ്കവും പറ്റാനുള്ള സാദ്ധ്യത വളരെയുണ്ട്. ഏതെങ്കിലും നിലയിൽ അശുദ്ധി സംഭവിച്ചാൽ അതിനുള്ള പരിഹാരവും നമ്മുടെ കർത്താവിൽ തന്നെയുണ്ട്. യാഗപീഠത്തിന്റെ സമീപത്തു തന്നെ വെച്ചിരുന്ന താമ്രയാഗപീഠം നമ്മുടെ അശുദ്ധിയെ കാണിച്ചു തരുന്നു എന്നു മാത്രമല്ല; അതിൽ നിറച്ചിരിക്കുന്ന വെള്ളം അശുദ്ധിയെ കഴുകിക്കളയുവാൻ പര്യാപ്തവുമാണ് ഒരിക്കൽ ശുദ്ധീകരണം പ്രാപിച്ചവർ അനുദിന ജീവിത്തതിൽ ശുദ്ധീകരണം പ്രാപിച്ചുകൊണ്ടിരിക്കേണ്ടവർ തന്നെയാണ്. (1യോഹ1:9, എബ്രാ12:14)

കൈക്കുറക് ബലത്തെയും അധികാരത്തെയുമാണ് പ്രകടമാക്കുന്നത്. നമ്മുടെ കർത്താവിന്റെ കരങ്ങൾ ശക്തിയുള്ളതു തന്നെയാണ്. അവന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ. എന്നാണ് വചനം. എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിലും മതിയാകുന്നു. എന്നു പൗലോസ് പറഞ്ഞു. മല്ലനായ പിശാചിന്റെ തലതകർത്തവൻ, മരണത്തിന്റെ മേൽ വിജയം വരിച്ചവൻ, സകല നാമത്തിലും മേലായ നാമമുള്ളവൻ, എല്ലാ മുഴങ്കാലും മടങ്ങത്തക്കവണ്ണം അധികാരമുള്ളവൻ, എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന് ഏറ്റുപറയത്തക്കവണ്ണം ഔന്നത്യമുള്ളവൻ; ഇങ്ങനെ ശ്രേഷ്ഠനായ കർത്താവ് സകലത്തെയും തന്റെ കാൽക്കീഴാക്കി നീതിയോടെ വാഴുവാൻ പോകുന്നു. നീങ്ങിപ്പോകാത്ത നിത്യ സിംഹാസനത്തിൽ ദാവീദിന്റെ വീണുപോയ കൂടാരത്തെ വീണ്ടും പണിത് ആ സിംഹാസനത്തിൽ എന്നേയ്ക്കും രാജാവായി വാഴും. ആ കർത്താവാണ് നമ്മുടെ ബലം. ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ എന്നു വായിക്കുന്നതുപോലെ കർത്താവിൽ നമ്മുടെ സകല ബലവും മഹത്വവും സ്തുതിയും അർപ്പിച്ചുകൊണ്ട്, അവനിൽ നിന്നും ബലം പ്രാപിച്ചു കൊണ്ട് നമുക്കും തിരുനാമ മഹിമയ്ക്കായി ജീവിക്കാം. അവൻ നമ്മുടെ പാപം വഹിച്ചവനും (യെശയ്യാവ് 53:12) നമ്മുടെ ചിന്താകുലങ്ങൾ വഹിക്കുന്നവനും (സങ്കീ55:22) നമ്മെ തോളിലേറ്റി വീട്ടിലെത്തിക്കുവാൻ ശക്തനുമാണ്.(ലൂക്കോസ് 15:5) ഇന്നലെയും ഇന്നും എന്നേയ്ക്കും അനന്യനായ ആ കർത്താവിന്റെ ശക്തിയുള്ള കരങ്ങളിൽ നമുക്കും താണിരിക്കാം.

സമാധാനയാഗം രണ്ടു നിലയിൽ അവതരിപ്പിക്കാം(ലേവ്യ7:12-16)

സ്തോത്രയാഗമായി :- ക്രിസ്തുവിന്റെ യാഗത്തിലൂടെ പാപികളായ നമുക്കു സമാധാനം ലഭിച്ചു എന്നുള്ളതാണ് നാം സ്തോത്രയാഗം അർപ്പിക്കുന്നതിന്റെ അടിസ്ഥാന കാരണം. പിതാവാം ദൈവത്തോട് നിരപ്പും പാപക്ഷമയും ലഭിക്കാത്തവർക്കു സ്തോത്രയാഗം അർപ്പിക്കുവാനോ ആരാധിക്കുവാനോ സാദ്ധ്യമല്ല. അഥവാ ആരാധിച്ചാലും അത് ദൈവത്തിനു സൗരഭ്യവാസനയായിരിക്കയില്ല. സ്തോത്രമായുള്ള സമാധാനയാഗത്തോടു ചേർന്ന് ഭോജനയാഗം അർപ്പിക്കണമായിരുന്നു. അതു പുളിപ്പില്ലാത്ത എണ്ണ പുരട്ടിയ വടകളോ, എണ്ണ ചേർത്തു കുതിർത്ത പുളിപ്പില്ലാത്ത ദോശകളോ ആയിരിക്കണം. നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ ഏറ്റെടുത്ത കർത്താവ് ആരാധനയ്ക്ക് സർവ്വഥാ യോഗ്യൻ തന്നെ. രണ്ടു നിലയിലാണ് നാം കർത്താവിനെ ആരാധിക്കുന്നത്. ഒന്ന്, കർത്താവ് മനുഷ്യാവതാരമെടുക്കുന്നതിനു മുമ്പുള്ള തന്റെ മഹത്വം, മറ്റൊന്ന് തന്റെ പവിത്രമായ മനുഷ്യത്വം. ദൈവത്തിനു സുഗ്രാഹ്യമായ വഴിപാടും വഴിപാടും യാഗവുമായി അർപ്പിക്കപ്പെടുവാൻ തന്നെത്താൻ ഏൽപ്പിക്കപ്പെട്ട മനുഷ്യപുത്രൻ കരടും, കളങ്കവുമില്ലാത്ത വ്യക്തിത്വത്തിനുടമയാണെന്നു സ്പഷ്ടമാക്കപ്പെട്ടതിനു ശേഷമാണ് ക്രൂശിൽ ബലിയായി അർപ്പിക്കപ്പെട്ടത്.

സ്തോത്രയാഗമായി അർപ്പിക്കപ്പെടുന്ന യാഗമാംസം അത് അർപ്പിക്കുന്ന ദിവസം തന്നെ ഭക്ഷിക്കണം, പിറ്റെന്നാളേക്കുഒട്ടും ശേഷിപ്പിക്കരുത്. സ്തോത്രയാഗത്തിന്റെ പുതുമായാണ് ഇവിടെ പ്രധാനം ആത്മീക നിറവിൽ ആരാധിക്കുമ്പോൾ ദൈവപുത്രന്റെ മഹത്വവും കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയും , പന്തിഭോജനത്തിന്റെ ആസ്വാദ്യതയും ഒന്നിച്ചനുഭവിച്ച് ഹൃദയത്തിൽ നിന്നും പൊന്തി വരുന്ന പുതുമയുള്ള സ്തോത്രമാണ് ദൈവത്തിനിഷ്ടം. പഴകിയതോ, അലക്ഷ്യമായതോ, ഉദാസീനമായതോ, ആത്മനിറവില്ലാത്തതോ ആയ ആരാധനയിൽ ദൈവം പ്രസാദിക്കുന്നില്ല. നമ്മുടെ ആരാധന എങ്ങനെയെന്നു വിലയിരുത്തുവാൻ ഈ ചിന്തകൾ നമ്മെ സഹായിക്കട്ടെ.

സ്തോത്രയാഗത്തിൽ പുളിമാവുകൊണ്ടുള്ള ദോശകളും സ്വീകാര്യമാണ് (ലേവ്യ7:11-13) എന്നാൽ അത് യാഗപീഠത്തിൽ ദഹിപ്പിക്കാൻ പാടില്ല. അത് അർപ്പിക്കുന്ന പുരോഹിതനുള്ളതാണ്. അർപ്പകനെത്തന്നെയാണ് ഈ പുളിപ്പ് പ്രതിനിധാനം ചെയ്യുന്നത്. നാം ഇന്നു കർത്താവിനെ ആരാധിക്കുന്നെങ്കിലും പാപജഡത്തിലാണു വസിക്കുന്നത്. നമ്മുടെ ആരാധനയിൽ കുറവുകളുണ്ടെന്നുള്ളത് നമുക്കു തന്നെ അതിവുള്ളതാണ്. എങ്കിലും കാരുണ്യവാനായ ദൈവം സമാധാനയാഗമായി അർപ്പിക്കപ്പെട്ട ക്രിസ്തുവിലൂടെ നമ്മെ കാണുന്നതുകൊണ്ടു നമ്മുടെ കുറവുകൾ പരിഗണിക്കാതെ ആരാധന സ്വീകരിക്കുന്നു എന്നത് ഏറെ ആശ്വാസകരമാണ്. ദൈവത്തിനു പുളിപ്പ് അനിഷ്ടമെങ്കിലും ക്രിസ്തുവിന്റെ യാഗത്തിലൂടെ നമ്മുടെ പാപം പോക്കി നമ്മെ ശുദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നമ്മുടെ ആരാധന സ്വർഗ്ഗത്തിൽ സുഗ്രാഹ്യമായിത്തീരുന്നത്.

ഉന്നതനായ ദൈവം തന്റെ ആർദ്രകരുണയാൽ നമ്മെ ക്രിസ്തുവിലൂടെ മുൻകണ്ടതിനാൽ നമുക്കു ലഭിച്ചിരിക്കുന്ന സൗഭാഗ്യം എത്ര ശ്രേഷ്ഠമാണ്. ആ സ്നേഹത്തിന്റെയും കരുതലിന്റെയും മുമ്പിൽ സാഷ്ടാംഗം പ്രണാമം ചെയ്തും കുറവില്ലാത്ത ഒരു ആരാധന അർപ്പിക്കുവാൻ കഴിയുന്ന ആ നല്ല ദിവസത്തിനായി കാത്തുകൊണ്ടും നമ്മുടെ ജീവിതകാലം കഴിക്കാം. നേർച്ചയോ സ്വമേധാ ദാനമായോ.

ആരാധനയിൽ സമർപ്പണം അനിവാര്യമാണ്. നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ എന്നാണ് തിരുവചനം(റോമ 12:2) സമർപ്പണത്തിനു സ്തോത്രയാഗത്തെക്കാൾ സമയദൈർഘ്യമുണ്ട്. അതു വ്യക്തമാക്കുന്നതാണ് നേർച്ചയായി അർപ്പിക്കുന്ന യാഗമാംസം പിറ്റെന്നാളത്തേക്കും ഭക്ഷിക്കാം എന്നത്. എന്നാൽ മൂന്നാം ദിവസം വരെ ശേഷിപ്പിക്കാൻ പാടില്ല. അങ്ങനെയുള്ളതു തീയിൽ ചുട്ടുകളയണം. അതു തിന്നാൽ അറപ്പും കുറ്റവുമായിരിക്കും. അങ്ങനെയുള്ളവരെ യിസ്രായേൽ ജനത്തിൽ നിന്നും ഛേദിച്ചുകളയണം. ദൈവത്തിന്റെ വ്യവസ്ഥകൾ എത്ര കൃത്യവും ശ്രേഷ്ഠവുമാണ്! ഇതൊക്കെ മനസ്സിലാക്കിയാൽ നാം ദൈവീക കാര്യങ്ങളിൽ എത്ര കൃത്യമായും സൂക്ഷ്മതയും കരുതലുമുള്ളവരായിരിക്കും. അലസമായി ആരാധിക്കുന്നവരും ആത്മീക കാര്യങ്ങളെ ഉദാസീനതയോടെ വീക്ഷിക്കുന്നവരും ഇതൊരു മുന്നറിയിപ്പായി കരുതിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. ആരാധനയായാലും സമർപ്പണമായാലും ദൈവപ്രസാദം ലഭിക്കുമാറ് നാം ദൈവത്തിനായി ജീവിക്കുവാൻ കടപ്പെട്ടവരാണ്.




THE ENDTIME NEWS




# മരുഭൂമിയിലെ നീരുറവ

**പ്രി**യപ്പെട്ടവരെ ജീവിതത്തിൽ എവിടെയൊക്കെയോ എപ്പോഴൊക്കെയോ ഒരു മരുഭൂമിയുടെ അനുഭവം അതായത് വരണ്ട നിലത്തെപ്പോലെ തണുത്ത ജലത്തിനുവേണ്ടി കൊതിക്കുന്ന ദാഹിക്കുന്ന അനുഭവം ഉണ്ടായിട്ടുണ്ടോ? ഒരു പക്ഷെ നാം ഒരോരുത്തരും നന്നായി പ്രാർത്ഥിക്കുന്നവരും ആരാധിക്കുന്നവരും ഉപവസിക്കുന്നവരുമൊക്കെ ആയിരിക്കാം. എങ്കിലും ചില നിമിഷങ്ങൾ ദൈവസ്നേഹവും കരുതലുമൊക്കെ അനുഭവിക്കുവാൻ കഴിയാതെ വരുന്ന അവസ്ഥ. പക്ഷെ ആ അവസ്ഥയിലും ക്ഷീമിച്ചുപോകാതെ നാം അന്വോഷിക്കുന്നത് ദൈവതതെ തന്നെയാകണം. സങ്കീർത്തനം 63ൽ ദാവീദ് പറയുകയാണ് ദൈവമേ നീയെന്റെ ദൈവം അതികാലത്തെ ഞാൻ നിന്നെ അന്വോഷിക്കും. വെള്ളമില്ലാതെ ഉണങ്ങി വരണ്ട ദേശത്ത് എന്റെ ഉള്ളം നിനക്കായി കാംക്ഷിക്കുന്നു. അങ്ങനെ നിന്റെ ബലവും മഹത്വവും കാണേണ്ടതിന് ഞാൻ വിശുദ്ധമന്ദിരത്തിൽ നിന്ന് നോക്കിയിരിക്കുന്നുയെന്ന്. പ്രിയരേ നാം നമ്മുടെ മരുഭൂമിയിലെ അനുഭവത്തിൽ ചിലപ്പോൾ മാനുഷിക ബന്ധങ്ങളിലെ അല്ലെങ്കിൽ മറ്റുപലതിലും ആശ്രയിച്ചേക്കാം. എന്നാൽ ആ മരുഭൂമിയുടെ അനുഭവങ്ങളിൽ ദാഹിച്ചു വരളുന്ന അനുഭവത്തിൽ ദാവീദിനെപ്പോലെ ദൈവത്തിനായി ജീവനുള്ള ദൈവത്തിനായിതന്നെ ദാഹിച്ചാൽ പ്രിയ ദൈവപൈതലെ നിന്റെ മരുഭൂമിയെമാറ്റി ദാഹജലം തന്നു നിനക്ക് തൃപ്തി വരുത്തുവാൻ നമ്മുടെ ദൈവം. കർത്താവ് ആർത്തിയുള്ളവന് തൃപ്തി വരുത്തുന്ന ദൈവമാണ്, തൃപ്തി മാത്രമല്ല പ്രിയരെ സംതൃപ്തി വരുത്തുന്ന ദൈവം എപ്പോഴും ഓർക്കുക മരുഭൂമി യാത്രയിൽ ദാഹിച്ചു തളരുമ്പോൾ വറ്റാത്ത തണുത്ത തെളിനീരുറവയുമായി നമ്മെ കാത്തു നമ്മുടെ ദൈവം നിൽക്കുന്നുയെന്ന്. ആ നാഥന്റെ അടുത്തേയ്ക്ക് ലക്ഷ്യം തെറ്റാതെ എത്തപ്പെടാൻ നമ്മെ കർത്താവ് മാനിച്ചു നടത്തും. യെശയ്യാവ് 35 പറയുന്നു മരുഭൂമിയും വരണ്ട നിലവും ആനന്ദിക്കും നിർജ്ജന പ്രദേശം ഉല്ലസിച്ചു പനിനീർ പുഷ്പംപോലെ പൂക്കും അത് മനോഹരമായി പൂത്ത് ഉല്ലാസത്തോടും ഘോഷത്തോടും ഉല്ലസിക്കും. പ്രിയരെ മരുഭൂമിയുടെ അവസ്ഥ മാറ്റി സന്തോഷവും ഉല്ലാസവും ആനന്ദവും തരുന്ന ദൈവത്തിൽ എല്ലാക്കാലവും ആശ്രയം വയ്പ്പിൻ. ആമീൻ



THE END TIME NEWS
VOICE OF HARVESTING SOULS MISSION



## മരണപര്യന്തം

# വിശ്വസ്തനായിരിക്ക






പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.

*“ നീ സഹിപ്പാനുള്ളത് പേടിക്കേണ്ട; നിങ്ങളെ പരീക്ഷിക്കേണ്ടതിന് പിശാച് നിങ്ങളിൽ ചിലരെ തടവിലാക്കുവാൻ പോകുന്നു. പത്ത് ദിവസം നിങ്ങൾ ഉപദ്രവം ഉണ്ടാകും; മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും.” (വെളിപ്പാട് 2:10)*

“ നീ സഹിപ്പാനുള്ളത് പേടിക്കേണ്ട; നിങ്ങളെ പരീക്ഷിക്കേണ്ടതിന് പിശാച് നിങ്ങളിൽ ചിലരെ തടവിലാക്കുവാൻ പോകുന്നു. പത്ത് ദിവസം നിങ്ങൾ ഉപദ്രവം ഉണ്ടാകും; മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും.” (വെളിപ്പാട് 2:10)

ദൈവം വിശ്വസ്തനാണ്, വാക്കുമാറാത്തവനാണ്, ഇന്നലെയും ഇന്നും എന്നേക്കും അനന്യനാണ്. വിശ്വസ്തനായ ദൈവം തന്റെ സൃഷ്ടിയുടെ മകുടമായ മനുഷ്യനിലും വിശ്വസ്തത തിരയുന്നു. വേദപുസ്തകം പറയുന്നു, മനുഷ്യപുത്രന്മാരിൽ വിശ്വസ്തത കുറയുന്നു, വിശ്വസ്തത ഭൂമിയിൽ മുളയ്ക്കുമ്പോൾ നീതി സ്വർഗ്ഗത്തിൽ നിന്ന് എത്തുന്നു. യേശു തന്റെ ഉപമയിൽ ഓർപ്പിക്കുന്നു “താലന്തുകൾ വിഭാഗിച്ചു കൊടുക്കുന്നു. ഒരാൾക്ക് 5 ഒരാൾക്ക് 2 ഒരാൾക്ക് ഒന്ന്. താലന്ത് ഏൽപ്പിച്ച യജമാനൻ മടങ്ങിവന്നപ്പോൾ കണക്കുകൽ പരിശോധിച്ചു - 5 ലഭിച്ചവൻ അഞ്ചും കൂടെ വ്യാപാരം ചെയ്തുണ്ടാക്കി, രണ്ടുലഭിച്ചവൻ രണ്ടുംകൂടെ പ്രയത്നം ചെയ്ത് ലാഭമാക്കി. ഒന്നു ലഭിച്ചവൻ വെറുതെ അത് മണ്ണിൽ കുഴച്ചിട്ടു. യജമാനൻ ലാഭം ഉണ്ടാക്കിയ ദാസന്മാരോട് പറയുന്നു: “നല്ലവനും വിശ്വസ്തനുമായ ദാസനെ നീ അല്പത്തിൽ വിശ്വസ്തനായിരുന്നതുകൊണ്ട് ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കു.” ജീവിതത്തിന്റെ എല്ലാ തുറകളിലും നാം വിശ്വസ്തനായിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ജോലിയിൽ, ഭവനത്തിൽ, സഭയിൽ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒക്കെ നാം വിശ്വസ്തത പാലിക്കുക. ആരും നമ്മെ കാണാത്ത പ്രവൃത്തികളിലും വിശ്വസ്തത പുലർത്തുക. അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും, താൻ മാത്രം അമർത്യത ഉള്ളവനുമായ ദൈവം പറയുന്നു ഞാൻ സകല രഹസ്യങ്ങളെയും കാണുന്നവനാണ്. എന്റെ ദൃഷ്ടിക്ക് മറഞ്ഞിരിക്കുന്നത് ഒന്നും ഇല്ല. ജീവിതത്തിന്റെ സാഹചര്യങ്ങൾ എന്തുമാകട്ടെ. “മരണപര്യന്തം വിശ്വസ്തനായിരിക്കുക, എന്നാൽ ദൈവം ഒരുക്കിയിരിക്കുന്ന ജീവന്റെ കിരീടത്തിന് നാം അവകാശികളായിത്തീരും.

**പ്രാർത്ഥന**

വിശ്വസ്തനായ ദൈവമേ, ക്രിസ്തീയ ജീവിതം വിശ്വസ്തതയോടെ നയിക്കുവാൻ എന്നെ സഹായിക്കേണമേ, ആമേൻ

# സ്വിറ്റ്സർലന്റിൽ മതം ഉപേക്ഷിക്കുന്നവർ വർധിക്കുന്നവെന്ന് റിപ്പോർട്ട്

സൂറിക്: സ്വിസ് ജനസംഖ്യയുടെ 30ശതമാനത്തോളം ഒരു മതത്തിലും വിശ്വസിക്കാത്തവരെന്ന് ഫെഡറൽ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്. 81 ലക്ഷം ജമസംഖ്യയുള്ള രാജ്യത്തെ 15 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ മതവിശ്വാസമാണ് പഠനത്തിന് ആധാരം. അവിശ്വാസികളുടെ എണ്ണത്തിൽ പോയ വർഷത്തെക്കാൾ 1.6% വർധനവുണ്ടായി.

50 വർഷം മുമ്പ് സ്വിറ്റ്സർലണ്ടിലെ മുഴുവൻ ജനതയും രാജ്യത്തെ പ്രമുഖ ക്രിസ്തീയ സഭകളായ പ്രൊട്ടസ്റ്റന്റ് കത്തോലിക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരായിരുന്നു. നിലവിൽ ഇവിടെ താമസിക്കുന്നവരിൽ 34.4% റോമൻ കത്തോലിക്കരും 22.5% പ്രൊട്ടസ്റ്റന്റ് വിശ്വാസികളുമാണ്. ഇരു സഭകൾക്കും മുൻ വർഷത്തേക്കാൾ ഒരു ശതമാനം വിശ്വാസികളെ നഷ്ടപ്പെട്ടു. മതവിശ്വാസികൾ എന്ന് വിവക്ഷിക്കുന്നവർ പോലും നോൺ പ്രാക്ടീസിങ്ങ് വിശ്വാസികളാണെന്നാണ് പഠനം. വിശ്വാസികളുടെ മൂന്നിനൊന്ന് ആരാധനാലയങ്ങളിൽ പോകാറില്ല. 45% ഒരു കാര്യത്തിനായും പ്രാർത്ഥിക്കാറില്ല. ഉയർന്ന അക്കാഡമിക് യോഗ്യതയുള്ളവരിലെ മൂന്നിലൊന്നും വിശ്വാസികളല്ലെന്ന് പഠനം വ്യക്തമാക്കുന്നു. കടുത്ത കുടിയേറ്റ നിയന്ത്രണങ്ങൾ പാലിക്കുന്ന സ്വിറ്റ്സർലന്റിൽ ഇതര വിശ്വാസികൾ ഇനി പറയുന്ന പ്രകാരം: മുസ്ലീം 5.5% യഹൂദർ 0.2% ഹിന്ദു 0.6% ബുദ്ധ 0.5%.

Available on the iPhone App Store
ANDROID APP ON Google play
http://www

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 98 മത് ജനറൽ കൺവൻഷൻ മാർച്ച് 11 മുതൽ മുളക്കുഴയിൽ

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 98 മത് ജനറൽ കൺവൻഷൻ മാർച്ച് 11 മുതൽ 13 വരെ മുളക്കുഴ സീയോൻ കുന്നിൽ വെച്ച് നടക്കും. എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നതാണ് ഈ വർഷത്തെ കൺവൻഷൻ തീം. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസീയർ റവ.സി സി തോമസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. അഭിഷിക്തരായ ദൈവദാസൻമാർ ദൈവവചനം ശുശ്രൂഷിക്കും. ചർച്ച് ഓഫ് ഗോഡ് ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. കോവിഡ് മാനദണ്ഡങ്ങളനുസരിച്ച് സഭാ ആസ്ഥാനത്ത് പ്രത്യേകമായി തയ്യാറാക്കുന്ന പന്തലിൽ വെച്ചാണ് കൺവൻഷൻ നടത്തുന്നത്. പരിമിതമായ ആളുകൾക്ക് മാത്രമാണ് പ്രവേശനമുള്ളത്. സൂമിലും ഫെയ്സ്ബുക്ക് ലൈവിലും യൂട്യൂബിലും ഇതര സാമൂഹിക മാധ്യമങ്ങളിലൂടെയും തത്സമയ സംപ്രേക്ഷണം ഉായിരിക്കുമെന്ന് മീഡിയ ഡയറക്ടർ പാസ്റ്റർ സാംകുട്ടി മാത്യുവും സെക്രട്ടറി പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കലും അറിയിച്ചു.



## മാൻ ഓഫ് ദി ഇയർ പുരസ്ക്കാരം; ബൈബിൾ വാക്യം ചൊല്ലി അമേരിക്കൻ താരം

മാൻ ഓഫ് ദി ഇയർ പുരസ്കാര ചടങ്ങിൽ ബൈബിൾ വാക്യം ചൊല്ലി പ്രശസ്ത ഫുട്ബോൾ താരം റസ്സൽ വിൽസൺ. നാഷണൽ ഫുട്ബോൾ ലീഗിൽ ഉൾപ്പെട്ട പ്രൊഫഷണൽ അമേരിക്കൻ ഫുട്ബോൾ ക്ലബ് സിയാറ്റിൽ സീഹോകസിന്റെ ക്വാർട്ടർ ബാക്കും അതിലുപരി ഏവർക്കും പ്രിയപ്പെട്ട താരം കൂടിയാണ് റസ്സൽ വിൽസൺ.ഞായറാഴ്ചത്തെ സൂപ്പർ ബൗൾ മത്സരത്തിന് മുന്നോടിയായി നടന്ന സി ബി എസ് സൂപ്പർ ബൗൾ പ്രീഗെയിം ഷോയിൽ പുരസ്കാരം സ്വീകരിച്ചതിന് ശേഷം നടത്തിയ പ്രസംഗത്തിൽ 1 കൊരിന്ത്യർ 13:4 വാക്യം ചൊല്ലികൊായിരുന്നു. സ്നേഹം സ്പര്ഡദ്ധിക്കുന്നില്ല എന്ന വാക്യമാണ് അദ്ദേഹം ഏറ്റു ചൊല്ലിയത്. കളിക്കളത്തിലെ മികവിനും കളിക്കളത്തിന് പുറത്തുള്ള സാമൂഹ്യ സേവന കാരുണ്യ പ്രവർത്തനങ്ങൾക്കും ഒരു കളിക്കാരന് നൽകുന്ന പുരസ്കാരമാണ് എക്കാലത്തേയും മികച്ച കളിക്കാരിൽ ഒരാളായിരുന്ന വാൾട്ടർ പെയ്ട്ടണിന്റെ നാമത്തിൽ ഏർപ്പെടുത്തിയ ദി വാൾട്ടർ പെയ്ട്ടൺ എൻ എഫ് എൽ മാൻ ഓഫ് ദി ഇയർ പുരസ്കാരം.



# അവകാശങ്ങൾ



ബിജു പി.സാമുവേൽ
ഒയാസിസ് മിനിസ്ട്രീസ്, ബംഗാൾ



ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പും ആയിത്തീരേണ്ട ശുശ്രൂഷകന്മാർ സമൂഹത്തിൽ ബാധകളായി മാറുന്നത് ലജ്ജാകരമാണ്. മനുഷ്യനെ നിത്യജീവനിലേക്ക് നയിക്കുന്ന ദൈവവചനം പ്രഘോഷിക്കാതെ തങ്ങളുടെ സമ്പത്ത് വർദ്ധിപ്പിക്കാനും പേരുണ്ടാക്കാനുമായി താൽക്കാലിക നേട്ടങ്ങൾ മാത്രം പ്രസംഗിക്കുന്നവർ സാത്താന്റെ സാമ്രാജ്യത്തെ പണിയുന്നവരാണ്.

**അ**പ്പോസ്തലന്മാരുടെ പ്രവൃത്തികൾ അദ്ധ്യായം 16-ലെ ചില ചിന്തകളാണ് ഇവിടെ പങ്കു വയ്ക്കുന്നത്. പൗലോസിനുണ്ടായ മക്കദോന്യ വിളി ഈ അദ്ധ്യായത്തിൽ ആണല്ലോ. ലുദിയയുടെ ഭവനത്തിൽ താമസിച്ച് സുവിശേഷ പ്രവർത്തനങ്ങൾ ആരംഭിച്ച അവർ പ്രാർത്ഥനാ സ്ഥലത്തേയ്ക്ക് പോകുമ്പോൾ ദുരാത്മാവിന്റെ ശക്തിയാൽ ഭാവിപ്രവചനം നടത്തുന്ന ഒരു അടിമപ്പെൺകുട്ടിയെ കണ്ടു. എന്നതിന് ഭാവിപ്രവചനം എന്നതിന് പുഥോൻ എന്ന ഗ്രീക്ക് വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്ക് പുരാണത്തിലെ മഹാസർപ്പമായിരുന്നു പൈഥോൻ. വർത്തമാന-ഭാവി കാലങ്ങളിലെ മുഴുസംഭവങ്ങളും കാണാനുള്ള ശക്തി അതിനുണ്ടത്രേ. ഭാവി അറിയാനായി സർപ്പഗുഹയുടെ അടുത്തെത്തുന്ന ആളുകൾക്ക് സർപ്പത്തിന്റെ ശീൽക്കാര ശബ്ദം വ്യാഖ്യാനിച്ച് ഭാവി പറഞ്ഞു കൊടുക്കുന്ന പുരോഹിതന്മാർ ഉണ്ടായിരുന്നു. പൈഥോന്റെ ശക്തിയാൽ ഭാവി പ്രവചിക്കുന്ന ഇവരെ പൈഥോനെസ് എന്നാണ് വിളിച്ചിരുന്നത്. രൗദ്രഭാവം നിഴലിക്കുന്ന മുഖം, അസാധാരണവും ഭീകരവുമായ ശബ്ദം പുറപ്പെടുവിക്കൽ, പല്ല് കടിച്ച് വിറച്ച് തുള്ളുക, വായിലൂടെ നുരയും പതയും വരുത്തുക, കണ്ണുരുട്ടുക, മുടികൾ പാറിപ്പറക്കുക എന്നിങ്ങനെ വ്യത്യസ്തമായ വികൃതഭാവങ്ങൾ ഈ ഭാവി പറയുന്നവരുടെ ലക്ഷണങ്ങൾ ആയിരുന്നു. പ്ലേറ്റോ ഇവരെ മാന്റിസ് എന്നാണ് വിളിച്ചിരുന്നത്. ഭ്രാന്താകുക എന്നർത്ഥം ഇവർക്ക് സുബോധം നഷ്ടമാകുന്നു. എന്നാൽ ഒരുവൻ ദൈവാത്മാവിനാൽ നിറയുമ്പോൾ അവന്റെ സുബോധം നഷ്ടമാകുന്നില്ല. അവൻ സംസാരിക്കുന്നത് ഭ്രാന്തമായ ആവേശത്താലല്ല, പരിശുദ്ധാത്മ നിയോഗം പ്രാപിച്ചാണ്. പ്രവാചകൻ വകതിരിവോടെയും പരിജ്ഞാനത്തോടുമാണ് സംസാരിക്കേണ്ടത്. അല്ലാതെയുള്ള ശുശ്രൂഷകൾ ദൈവീകമല്ല.ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പും ആയിത്തീരേണ്ട ശുശ്രൂഷകന്മാർ സമൂഹത്തിൽ ബാധകളായി മാറുന്നത് ലജ്ജാകരമാണ്. മനുഷ്യനെ നിത്യജീവനിലേക്ക് നയിക്കുന്ന ദൈവവചനം പ്രഘോഷിക്കാതെ തങ്ങളുടെ സമ്പത്ത് വർദ്ധിപ്പിക്കാനും പേരുണ്ടാക്കാനുമായി താൽക്കാലിക നേട്ടങ്ങൾ മാത്രം പ്രസംഗിക്കുന്നവർ സാത്താന്റെ സാമ്രാജ്യത്തെ പണിയുന്നവരാണ്.

ദുരാത്മാവിനാൽ ഭ്രാന്ത് പിടിച്ച് ഭാവി പറയുന്ന ഒരു അടിമപ്പെൺകുട്ടിയെയാണ് പൗലോസിന് നേരിടേണ്ടി വന്നത്. പൗലോസിന്റെ ഇടപെടൽ അവളെ സ്വതന്ത്രയാക്കി. അവളുടെ ജീവിതം വ്യത്യാസപ്പെട്ടു. സുവിശേഷം വരുത്തുന്ന മാറ്റം വിപ്ലവകരമായതാണ്. സുവിശേഷത്തെക്കുറിച്ച് അന്ന് ഉയർന്ന ഒരു പരാതി ആയിരുന്നു അവർ ലോകത്തെ കീഴ്മേൽ മറിച്ചു. എന്നത് മുകളിലിരിക്കുന്നത് താഴെയും താഴെയുള്ളത് മുകളിലും എത്തുന്ന കാര്യമില്ല. കാരണം അപ്പോസ്തലർ ചെയ്തതും അതു തന്നെയാണ്. ആളുകളുടെ ജീവിതത്തെ അവർ കീഴ്മേൽ മറിച്ചു. അവരുടെ മുൻഗണനകൾ മാറി. കാഴ്ചപ്പാടുകൾ വ്യത്യസപ്പെട്ടു. ലാഭമായിരുന്നതിനെ നഷ്ടമായും ശ്രേഷ്ഠമായി അതുവരെ കരുതിയിരുന്നതിനെ ഉച്ഛിഷ്ടമായും അവർ കണ്ടു. അടിമത്വത്തിൽ ജീവിച്ചിരുന്നവർ യേശുവിന്റെ സ്നേഹത്താൽ സ്വതന്ത്രരായിത്തീർന്നു. ഇതാണ് സുവിശേഷത്തിന്റെ സ്നേഹവിപ്ലവം.

എന്നാൽ പെൺകുട്ടിയുടെ ജീവിതം വ്യത്യാസപ്പെട്ടപ്പോൾ ലാഭം നഷ്ടമായ യജമാനന്മാർ ക്രുദ്ധരായി. അക്രമത്തിന്റെ അകമ്പടിയോടെ അവർ അപ്പോസ്തലരെ പൊതുനിരത്തിലൂടെ വലിച്ചിഴച്ച് കൊണ്ടു പോയി. വസ്തുക്കളോട് എന്ന പോലെയാണ് ദൈവദാസന്മാരോട് അവർ ഇടപെട്ടത്. അവർക്കെതിരെയുള്ള അക്രമണത്തിൽ പുരുഷാരവും പങ്കുചേർന്നു.

ഫിലിപ്യ ഒരു റോമൻ കോളനി ആയിരുന്നതിനാൽ പൗലോസിനെതിരെ വളരെ തന്ത്രപരമായ ആരോപണമാണ് ഉന്നയിച്ചത്(16:20) റോമൻ കോളനിയിൽകൈസർ അല്ലാതെ അവർക്ക് വേറൊരു ദൈവം ഇല്ല. യെഹൂദാ മതത്തിന് റോമൻ അംഗീകാരം ഉണ്ടായിരുന്നു. എന്നാൽ അംഗീകാരം ലഭി

തുടർച്ച 11 പേജിൽ

## 10-ാം പേജ് തുടർച്ച

ക്കാത്ത മതങ്ങളുടെ കൂട്ടത്തിലായിരുന്നു ക്രിസ്ത്യാനിത്വത്തെ പരിഗണിച്ചിരുന്നത്. ക്രിസ്ത്യാനിത്വം അവിടെ പ്രചരിപ്പിക്കാൻ ആവില്ല.

ആരോപണം കേട്ട് ന്യയാധിപൻ അപ്പോസ്തലന്മാരുടെ വസ്ത്രം പറിച്ചുരിഞ്ഞ ശേഷം അവരെ അടിക്കാൻ കൽപ്പിച്ചു. (16:22) വളരെ നിഷ്ഠൂരമായിട്ടാണ് അവരെ അടിച്ചത്. കുറ്റവാളികളെ അടിക്കാൻ പ്രത്യേക കോൽക്കാർ ഉണ്ടായിരുന്നു. റോമൻ കോളനികളിലെ മജിസ്ട്രേറ്റുമാരുടെ (അധിപതി) അകമ്പടിക്കാരായി അവരുടെ ആജ്ഞ നടപ്പാക്കുന്നവരായിരുന്നു ഈ കോൽക്കാർ. നിയമവാഴ്ച ഉറപ്പാക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അവർ തങ്ങളുടെ തോളിൽ വഹിക്കുന്ന ഈ ദണ്ഡിൻരെ നടുവിലായി ഒരു ചെറിയ കോടാലിയും ഘടിപ്പിച്ചിരിക്കും. ചമ്മട്ടിയായും ശിരച്ഛേദന ആയുധമായുംഇത് ഉപയോഗിച്ചിരുന്നു.

കോൽകൊണ്ട് അടിപ്പിച്ചു എന്നതിന് റാബ്ഡിസോ എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. മെതിക്കുക എന്ന അർത്ഥത്തിൽ ഇതേ വാക്കാണ് ന്യായാധിപന്മാർ6:11 രൂത്ത്2:17 ലും സെപ്റ്റുവജിന്റെ തർജ്ജിമയിൽ ഉപയോഗിച്ചിരിക്കുന്നത്. ഗോതമ്പ് മണിയും പതിരും തമ്മിൽ വേർതിരിക്കുന്നത് രണ്ടു തരത്തിലുള്ള മെതിക്കലിലൂടെയാണ്. ധാന്യക്കറ്റയെ കോലുകൊണ്ട് ശക്തമായി അടിച്ചും കാളയെകൊണ്ട് ചവിട്ടിമെതിച്ചാണ് ഈ പ്രവർത്തിചെയ്യുന്നത്. ധാന്യത്തിന്റെ പുറംതോട് (പതിർ)പൊളിയുന്നത് ഈ മെതിക്കലിലാണ്. മെതിക്കുക എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് കരുണ ഇല്ലാതെ കിരാതമായി അടിക്കുക എന്നാണ്. മെതിക്കളത്തിൽ ഗോതമ്പ് ചവിട്ടി മെതിക്കപ്പെടുന്നതുപോലെ യേശുക്രിസ്തുവും കാൽവറിയിൽ നുറുക്കപ്പെടുകയായിരുന്നു(1കൊരി11:24) ശരീരം മുഴുവൻ മുറിവുകൾ വരത്തക്ക വിധത്തിൽ നിർദ്ദയമായാണ് പൗലോസിനെയും ശീലാസിനെയും മർദ്ദിച്ചത്. (പ്രവൃത്തി16:33).

അധിപതികളുടെ നിർദ്ദേശമനുസരിച്ച് അന്ന് രാത്രിയിൽ അവരെ കാരാഗൃഹത്തിൽ ആക്കി കാൽ ആമത്തിൽ ഇട്ട് പൂട്ടി. അർദ്ധരാത്രിയിൽ  കാരാഗൃഹത്തിൽ നിന്ന് ഉയർന്ന സംഗീതം മറ്റ് തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ആക്രോശവും അട്ടഹാസവും നിലവിളിയും ഉയരേണ്ട കാരാഗൃഹത്തിൽ നിന്ന് സംഗീതധാരകൾ , പരസ്യമായി വലിച്ചിഴച്ചത്, വിവസ്ത്രീകരണം, നിഷ്ഠൂരമായപീഢനങ്ങൾ ......അങ്ങനെ മാനസികവും ശാരീരികവുമായി അനുഭവിച്ച വേദനകൾ അവർ എത്രവേഗമാണ് മറന്നത് . പകൽ വെളിച്ചത്തിൽ പാട്ട് പാടാൻ ഏതു വിഡ്ഢിക്കും കഴിയും എന്ന് ചാൾസ് സ്പർജൻ. പക്ഷെ സാഹചര്യങ്ങൾ എല്ലാം പ്രതികൂലമായിരിക്കുമ്പോഴും ഹൃദയത്തിൽ നിന്ന് നന്ദിയുടെ സംഗീതം ഉയരുന്നത് ശ്രേഷ്ഠമാണ്.

ഭൂകമ്പമുണ്ടായപ്പോൾ തടവുകാർ രക്ഷപെട്ടിരിക്കാമെന്ന നിഗമനത്തിൽ കാരാഗൃഹപ്രമാണി വാളൂരി തന്നെത്താൻ കൊല്ലുവാൻ ശ്രമിച്ചു. പൗലോസിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. നിനക്ക് ഒരു ദോഷവും ചെയ്യരുത്. ഞങ്ങളെല്ലാവരും ഇവിടെയുണ്ട്. ആരുമില്ലെന്ന് കരുതി മരിക്കാൻശ്രമിച്ചവനന്റെയടുത്ത് കൃത്യസമയത്ത് പൗലോസിന്റെ സന്ദേശം എത്തി. സുവിശേഷം സദ്വാർത്തയാകുന്നത് ആളുകളിൽ അത് കൃത്യ സമയത്ത് എത്തുമ്പോഴാണ്. ജീവൻ വിലയേറിയതാണെന്ന സന്ദേശമാണ് പൗലോസ് ഇവിടെ നൽകുന്നത് ആത്മഹത്യകൾ പെരുകുന്നതിന്റെ കാരണങ്ങളിലൊന്ന് ആരുമില്ലെന്നതോന്നലാണ്. ഞങ്ങളുണ്ട് കൂടെ എന്ന സന്ദേശം മനുഷ്യഹൃദയത്തിൽ വലിയ ആശ്വാസമാണ് നൽകുന്നത്. ആളുകളെമരണത്തിൽ നിന്ന് ജീവനിലേക്ക് നയിക്കുക എന്നതാണ് ഒരു സുവിശേഷകന്റെ ദൗത്യം. കാരാഗൃഹപ്രമാണിയും കുടുംബവും കർത്താവിൽ വിശ്വസിച്ചു. നേരം പുലർന്നപ്പോൾ അധിപന്മാരുടെ കൽപ്പന വന്നു. പൗലോസിനെയും ശീലാസിനെയും സമാധാനത്തോടെ അയക്കുവാനമ് കാരാഗൃഹപ്രമാണി എത്തി.ഇതിന്റെ പ്രതികരണമായി 16:37 ൽ പൗലോസ് പറയുന്ന വാക്കുകളാണ് സംഭവത്തിന്റെ ഏറ്റവും വലിയ വഴിത്തിരിവ്.

റോമാ പൗരന്മാരായ ഞങ്ങളെ ന്യായാധിപന്മാർ വിസ്താരം കൂടാതെ പരസ്യമായി അടിപ്പിച്ച് തടവിലാക്കി. ഇനി ഞങ്ങൾപോകണമെങ്കിൽ ന്യായാധിപന്മാർ തന്നെ വരട്ടെ. റോമൻപൗരന്മാർക്ക് ചില പ്രത്യേക അധികാരങ്ങളും അവകാശങ്ങളും ഉണ്ടായിരുന്നു. തെറ്റ് ചെയ്താൽപ്പോലും നിഷ്ഠൂരമായ ചമ്മട്ടി  പ്രയോഗം നൽകാൻ പാടില്ല. വിസ്താരം കഴിയാതെ ഒരു ശിക്ഷയും വിധിക്കാൻ പാടില്ല.(പ്രവ്യത്തി22:25) റോമൻ പൗരനായ പൗലോസിനെ വിചാരണ കൂടാതെ അടിച്ചതിനാൽ ന്യായാധിപനാണ് ഇപ്പോൾകുറ്റക്കാരനായി നിൽക്കുന്നത്. ന്യാധിപൻ കുറ്റവാളിയായും കുറ്റവാളി സ്വതന്ത്രനായും മാറുന്നു. പൗലോസിനന്റെ കാരുണ്യമുണ്ടെങ്കിലേ ന്യായാധിപന് ഇനി രക്ഷപ്പെടാനാവൂ.

എത്ര വേഗമാണ് കാര്യങ്ങൾ തിരിഞ്ഞുമറിഞ്ഞത്. കൽപ്പന പുറപ്പെടുവിച്ച ന്യായാധിപൻ(16:22) ഇപ്പോൾ പൗലോസിനോട് കേണപേക്ഷിക്കുകയാണ്(16:39) ഒരു ചോദ്യം ക്രൂരമായ പീഢനവും കാരാഗൃഹവാസവും നേരിടേണ്ടി വന്നിട്ടും പൗലോസ് താൻ ഒരു റോമൻ പൗരനാണെന്ന് എന്തുകൊണ്ട് അപ്പോൾ അറിയിച്ചില്ല? അറിയിച്ചിരുന്നെങ്കിൽ പീഢനങ്ങൾ ഒഴിവാക്കാമായിരുന്നില്ലേ?

യേശുക്രിസ്തുവിനു വേണ്ടി പൗലോസ് ചില അവകാശങ്ങൾ വേണ്ടെന്ന് വയ്ക്കുന്നു. നിയമത്തിന്റെ സംരക്ഷണം ഉണ്ടെങ്കിലും യേശുവിന് വേണ്ടി കഷ്ടം സഹിക്കാൻ ആനുകൂല്യങ്ങൾ അദ്ദേഹം ഒഴിവാക്കുന്നു. അവകാശങ്ങൾ നേടാനും നിയമത്തിന്റെ സംരക്ഷണം ഉറപ്പാക്കാനും ആദ്യം തന്നെ ശ്രമിക്കുന്നവരാണ് ഇന്നത്തെ മിക്ക സുവിശേഷകരും.

അവകാശങ്ങൾ നേടിയെടുക്കാൻ, നേടിയെടുത്തവ നിലനിർത്താൻ....എന്ന രാഷ്ട്രീയ മുദ്രാവാക്യം സഭാതലത്തിലും ഉയർന്നു കഴിഞ്ഞു ഭരണസിരാകേന്ദ്രങ്ങളിൽ അവകാശസംരക്ഷണ സമരം നടത്തുന്നവരും വർദ്ധിച്ചു വരുന്നു.  ഭൂലോകത്തെ യേശുവിന്റെ സ്നേഹത്താൽ കീഴ്മേൽ മറിക്കാൻ കഴിയുന്നത് അവകാശങ്ങൾക്കായി പോരാടുന്നവർക്കല്ല. മറിച്ച് അവകാശങ്ങൾ നിഷേധിക്കുന്നവർക്കും സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് ത്യാഗജീവിതം നയിക്കുന്നവർക്കുമാണ്. അപ്പോസ്തലനായ പൗലോസ് നമുക്ക് വ്യത്യസ്തമായ ദർശനമാണ് നൽകുന്നത്.




**Property for IMMEDIATE sale at Kozhuvalloor, Chengannur!**

House plot (30 cents) for sale in Kozhuvalloor, 10 minutes' drive (7 kilometers) from Chengannurtown. Original land with well water, that never runs dry even in summer. Frontage (30 ft.) Panchayath Road. No flood area. Suitable for residential and business needs. Very close to all amenities including schools, colleges, professional colleges, banks, temples, churches, government offices etc. Property of Pastor's family. Anyone interested, please contact Mr. A J John at +91 9745862898 or 04722898033. Email – maanueljoseph@gmail.com.

Available on the iPhone App Store
ANDROID APP ON Google play

## വ്യാജ മതനിന്ദാകുറ്റം ചുമത്തപ്പെട്ട പാക്ക് ക്രിസ്ത്യൻ വനിതയ്ക്ക് മോചനം; ജീവരക്ഷാർത്ഥം ഒളിവിൽ

കറാച്ചി: വ്യാജ മതനിന്ദാകുറ്റം ആരോപിച്ച് അറസ്റ്റിലായ മുപ്പത്താറുകാരി ആയ പാക്ക് ക്രിസ്ത്യൻ വനിതയ്ക്ക് മോചനം. കറാച്ചിയിലെ സ്വകാര്യ ആശുപത്രിയിലെ നേഴ്സും ക്രൈസ്തവ വിശ്വാസിയുമായ തബിത നസീർ ഗിൽ കുറ്റക്കാരിയല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് പോലീസ് വെറുതെ വിട്ടത്. കഴിഞ്ഞ 9 വർഷമായി തബിതയ്ക്കൊപ്പം നേഴ്സായി ജോലി ചെയ്യുന്ന സഹപ്രവർത്തകയായ മുസ്ലീം സ്ത്രീയാണ് വ്യാജ ആരോപണം ഉന്നയിച്ചത്. എന്നാൽ തബീതയ്ക്കെതിരെ യാതൊരു തെളിവും കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് ഈ കേസിൽ ഇടപെട്ട നസീർ റാസ എന്ന ക്രിസ്ത്യൻ മനുഷ്യാവകാശ പ്രവർത്തകൻ പറഞ്ഞു.



തനിക്ക് വേി പ്രാർത്ഥിക്കണമെന്നും താനൊരു പ്രശ്നത്തിൽ അകപ്പെട്ടിരിക്കയാണെന്നും തബീത ക്രൈസ്തവ സഹോദരൻമാരെ അറിയിച്ചു.പിന്നീടാണ് അവളുടെമേൽ മതനിന്ദാകുറ്റമാണ് ചുമത്തപ്പെട്ടതെന്ന് അറിഞ്ഞതെന്ന് നസീർ റാസ പറഞ്ഞു. രാവിലെ മുതൽ തന്നെ മർദ്ദിച്ച ശേഷം തന്നെ ഒരു മുറിയിൽ കെട്ടിയിട്ടിരിക്കയായിരുന്നെന്നും വിവരമറിഞ്ഞ് പോലീസും സുരക്ഷാ ഉദ്യോഗസ്ഥരുമായി എത്തി തബീതയെ കസ്റ്റഡിയിലെടുക്കുകയായിരുന്നു.പിന്നീട് കുറ്റക്കാരിയല്ലെന്നു കണ്ടെത്തി വെറുതെ വിടുകയായിരുന്നു. സ്വന്തം സുരക്ഷയെ കരുതി അജ്ഞാത വാസത്തിലാണ് തബീത.കഴിഞ്ഞ വർഷം മാത്രം 9 ക്രൈസ്തവർക്കെതിരെയാണ് മതനിന്ദാ ആരോപിക്കപ്പെട്ടത്. നിഷ്കളങ്കരായ 3 ജീവനുകൾ മതനിന്ദയുടെ പേരിൽ കഴിഞ്ഞ വർഷം നഷ്ടപ്പെട്ടിട്ടുന്നെന്നും നസീർ റാസ പറഞ്ഞു.

## അകാരണമായി തടവിലാക്കപ്പെട്ട 70 ക്രിസ്തീയ വിശ്വാസികളെ വിട്ടയച്ചു

എറിത്രിയ: വിശ്വാസത്തിന്റെ പേരിൽ ക്രൈസ്തവർ അധികമായി പീഢിപ്പിക്കപ്പെടുന്ന ആഫ്രിക്കൻ രാജ്യങ്ങളിൽ ഒന്നായ എറിത്രിയയുടെ തലസ്ഥാനമായ നഗരമായ അസ്കാരയ്ക്ക് സമീപമുള്ള മൂന്നോളം ജയിലുകളിൽ നിന്നായി 27 സ്ത്രീകളേയും 43 പുരഷൻമാരേയും ഫെബ്രുവരി 1 ന് വിട്ടയച്ചു. തെരുവിലൂടെ നടന്നപ്പോൾ പരസ്യമായി ദൈവത്തെ ആരാധിച്ചതിന് തടവിലാക്കപ്പെട്ട 6 സ്ത്രീ തടവുകാരെ ജനുവരി 27 ന് മോചിപ്പിച്ചിരുന്നു. 2 മുതൽ 12 വർഷം വരെ കുറ്റമോ വിചാരണയോ കൂടാതെ തടനിലാക്കപ്പെട്ടിരിക്കയായിരുന്നു ഇവർ.

മതസ്വാതന്ത്ര്യത്തിനായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ സോളിഡാരിറ്റി വേൾഡ് വൈഡ് ആണ് വാർത്ത പുറത്തുവിട്ടത്. വിശ്വാസം അഥവാ മതം കാരണം ഏകപക്ഷീയമായി തടങ്കലിലാക്കിയ എല്ലാവരേയും ഉടനടി നിരുപാധികമായി മോചിപ്പിക്കാൻ എറിത്രിയയെ സമ്മർദ്ദത്തിലാക്കാൻ അന്താരാഷ്ട്ര സമൂഹത്തോട് ആവശ്യപ്പെട്ടിരുന്നു. എന്ന് സി എസ് ഡബ്ളിയുവിന്റെ സ്ഥാപക പ്രസിഡന്റ് മെർവിൻ തോമസ് വെളിപ്പെടുത്തിയിരുന്നു.

THE ENDTIME NEWS
Available on the iPhone App Store
ANDROID APP ON Google play

## സ്കൂളുകളിൽ സരസ്വതി പൂജ നടത്തണം: ദാമൻ ഭരണകൂടത്തിന്റെ സർക്കുലറിനെതിരെ ക്രിസ്ത്യൻ സംഘടന

ന്യൂഡൽഹി: കേന്ദ്ര ഭരണ പ്രദേശങ്ങളായ ദാദ്ര നഗർ ഹവേലി, ദാമൻ ദിയു എന്നിവിടങ്ങളിലെ സർക്കാർ ,നോൺ എയ്ഡഡ്,സ്വകാര്യ സ്കൂളുകളിൽ വസന്ത പഞ്ചമിക്ക് നിർബന്ധമായും ഹൈന്ദവ വിശ്വാസപ്രകാരമുള്ള സരസ്വതി പൂജയും, പ്രാർത്ഥനയും നടത്തണമെന്ന ദാമൻ ഭരണകൂടത്തിന്റെ ഔദ്യോഗികമായ സർക്കുലറിനെതിരെ ക്രിസ്ത്യൻ സംഘടന രംഗത്ത്. സർക്കുലർ പിൻവലിക്കണമെന്ന് ഡൽഹി ആസ്ഥാനമായി ഭാരതത്തിലെ ക്രൈസ്തവർക്കെതിരായ അതിക്രമങ്ങൾ നിരീക്ഷിച്ച്കൊണ്ടിരിക്കുന്ന യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം ഭരണകൂടത്തോടും, വിദ്യാഭ്യാസ വകുപ്പിനോടും ആവശ്യപ്പെട്ടു. സരസ്വതി ദേവിയുടെ പൂജയും, പ്രാർത്ഥനയും നടത്തി അതിന്റെ റിപ്പോർട്ടും ഫോട്ടോയും ഫെബ്രുവരി 17 നകം സമർപ്പിക്കണമെന്നാണ് ഇക്കഴിഞ്ഞ 11 ന് ദാമൻ ഭരണകൂടം പുറത്തുവിട്ട സർക്കുലറിൽ പറയുന്നത്.

അറിവ്, ബുദ്ധി,വിശുദ്ധി എന്നിവയുടെ പ്രതീകമായ സരസ്വതി ദേവിയുടെ ജന്മദിനമാണ് വസന്ത പഞ്ചമിയെന്നും ദാദ്ര,നഗർ ഹവേലി, ദാമൻ,ദിയു എന്നിവിടങ്ങളിലെ സ്കൂളുകളിലെ പ്രിൻസിപ്പാൾമാരും, പ്രധാന അദ്ധ്യാപകരും ഫെബ്രുവരി 16 ന് വസന്തപഞ്ചമി ആഘോഷിക്കയും സ്കൂൾ തലത്തിൽ പരിപാടികൾ സംഘടിപ്പിക്കയും വേണമെന്നാണ് സർക്കുലറിൽ പറയുന്നത്. സർക്കുലർ മതസ്വാതന്ത്ര്യത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും നടത്തുവാനും ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങളേയും ബാധിക്കുന്നതാണെന്ന് യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം കൺവീനറായ എ സി മൈക്കൾ പ്രസ്താവിച്ചു.

ഭരണകൂടം ഇതിനുമുമ്പ് ക്രൈസ്തവരോട് പക്ഷപാതപരമായി പെരുമാറിയിട്ടുണ്ട്. 2019 ൽ ദു:ഖവെള്ളിയാഴ്ച ഗസറ്റഡ് അവധി ദിവസമല്ലാതാക്കുവാൻ ശ്രമം നടത്തിയെങ്കിലും ക്രൈസ്തവ സമൂഹം ഹൈക്കോടതിയെ സമീപിച്ചതിനാൽ പരാജയപ്പെടുകയായിരുന്നു. മതപരമായ സഹിഷ്ണുതയും തുല്യതയും മതവിഭാഗങ്ങളുടെ ജീവന്റേയും സ്വത്തിന്റെയും അവരുടെ ആരാധനാലയങ്ങളുടേയും സംരക്ഷണവും ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന മതനിരപേക്ഷതയുടെ പ്രധാന ഭാഗമാണെന്ന് എസ് ആർ ബൊമ്മൈ വി ഇന്ത്യൻ യൂണിയൻ കേസിൽ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.

സ്വാതന്ത്ര്യ സമരത്തിന് രാജ്യത്തെ ക്രൈസ്തവർ കാണിച്ച ദേശസ്നേഹത്തെക്കുറിച്ചും സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സൈനീക, വിദ്യാഭ്യാസ, ആരോഗ്യ പരിപാലന മേഖലകളിൽ ക്രിസ്ത്യാനികൾ വഹിച്ചുകൊണ്ടിരിക്കുന്ന പങ്കിനെക്കുറിച്ചും മൈക്കളിന്റെ വാർത്താക്കുറിപ്പിൽ പരാമർശിക്കുന്നുണ്ട്. ദാദ്ര, നഗർ ഹവേലി, ദാമാൻ, ദിയു എന്നിവിടങ്ങളിലെ 6,00,000 വരുന്ന ജനസംഖ്യയിൽ വെറും 9000 ക്രൈസ്തവർ മാത്രമാണുള്ളത്.

THE END TIME NEWS
VOICE OF HARVESTING SOULS MISSION

END TIME RADIO

# END TIME CHRISTIAN RADIO 24/7.




*Stream inside outside or anywhere you go!*

Computer | Smart phone | Tablet | Wireless speaker | Smart TV | Car-media player

*and more..*

GET IT ON Google Play | Download on the App Store

Waze - In - built App for
Traffic Alerts & Live Navigation

www.theendtimeradio.com End Time Radio 24x7 endtimeradio24x7@gmail.com


printed,published and owned by harvestingsoulsmission,chief editor Baiju Yacob


Share on

the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no : TVM/TC/1717/2014
Established :USA
Published from : India, Kerala, TVM




US GLASSTECH

We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.

OUR OTHER ALUMINIUM PRODUCTS

- Manual ICU sliding Doors.
- Manual Pivot or Hinged Doors.
- Automatic folding Doors.
- Five door systems.
- Manual Swing and slide Doors.
- Aluminium, FRP and Fiberglass Enty Doors.
- Store front systems.
- Shower doors.
- Patio sliding doors.
- Frameless glass enterace Doors.
- Window Wall.

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015